പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2539 **28-10-2026-ൽ മറുപടിയ്ക്ക്**

അംബേദ്കർ ഊര് വികസന പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എ. പ്രഭാകരൻ

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികവർഗ്ഗ നഗറുകളുടെ നവീകരണത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കുന്ന അംബേദ്കർ ഊര് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ കൊല്ലൻകുന്ന് നഗർ, വാദ്ധ്യാർ ചള്ള നഗർ എന്നിവയുടെ നവീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

മറുപടി: 2022-23 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത മലമ്പുഴ മണ്ഡലത്തിലെ കൊല്ലൻകുന്ന്, വാദ്ധ്യാർചള്ള എന്നീ പട്ടികവർഗ്ഗ ഉന്നതികളിൽ ഒരു കോടി രൂപയുടെ വികസന പദ്ധതികൾ ആണ് നടന്നുവരുന്നത്. പദ്ധതികളുടെ നിലവിലത്തെ സ്ഥിതി ചുവടെ ചേർക്കുന്നു.

കൊല്ലംകുന്ന് ഉന്നതി

ക്രമ നം.	പ്രവൃത്തി	നിലവിലെ സ്ഥിതി
1	റോഡ് പ്രവൃത്തി	പൂർത്തീകരിച്ചു.
2	സൈഡ് പ്രൊട്ടക്ഷൻ	പൂർത്തീകരിച്ചു.
3	മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ	പ്രവർത്തി പുരോഗമിക്കുന്നു

വാദ്ധ്യാർചള്ള ഉന്നതി

ക്രമ നം.	പ്രവൃത്തി	നിലവിലെ സ്ഥിതി
1	റോഡ് പ്രവൃത്തി	പൂർത്തീകരിച്ചു.
2	പ്രൊട്ടക്ഷൻ വർക്ക് & റോഡ് ഫോർമിംഗ്	പൂർത്തീകരിച്ചു.
3	മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ	പ്രവൃത്തി പുരോഗമിക്കുന്നു.
4	വീടുകളുടെ അറ്റകുറ്റപ്പണി	പ്രവൃത്തി പുരോഗമിക്കുന്നു

5	ഭവന നവീകരണം	പ്രവൃത്തി പുരോഗമിക്കുന്നു

(ബി) പ്രസ്തുത നഗരുകളുടെ നവീകരണത്തിനായി പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മറുപടി: ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി **(2022-23)** നടപ്പിലാക്കുന്നതിനായി പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.**19/2024/SCSTD** തീയതി,തിരുവനന്തപുരം, **17-01-2024**

പരാമർശം:- **1.** സ.ഉ.(കൈ) നം. **14/2023**/പജപവവിവ തീയതി **27/05/2023.**

2. സ.ഉ(സാധാ)നം.**1315/2023**/പജപവവിവ തീയതി **6/11/2023**

3. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ **24/08/2023** തീയതിയിലെ എ**3/9999/22** നമ്പർ കത്ത്.

ഉത്തരവ്

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പരാമർശം **(1)** പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ, ജനപ്രതിനിധികൾ എന്നിവർ ശുപാർശ ചെയ്ത കോളനികൾ കൂടാതെ പിന്നാക്കം നിൽക്കുന്ന മറ്റു കോളനികളുടെ വിവരങ്ങളും മുൻഗണനാക്രമത്തിൽ ജില്ലാതല ഓഫീസർമാർ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ വിവിധ ഏജൻസികളെ പ്രവർത്തി ഏൽപ്പിക്കുമ്പോൾ പൂർത്തീകരണത്തിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രവർത്തികൾ ഏൽപ്പിക്കുന്നതായിരിക്കും ഉചിതമെന്നും ഈ സാഹചര്യത്തിൽ ജനപ്രതിനിധികൾ ശുപാർശ ചെയ്തിട്ടുള്ളതും ബന്ധപ്പെട്ട ജില്ലാ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ളതുമായ കോളനികൾ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തും, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകണമെന്ന് പരാമർശം **(3)** കത്ത് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **2022-23** വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി നടപ്പാക്കുന്നതിലേക്ക് അനുബന്ധമായി

ചേർക്കുന്ന 76 പട്ടികവർഗ്ഗകോളനികളെ തെരഞ്ഞെടുത്തു കൊണ്ടും, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലെ വ്യക്തിഗത ഗുണഭോക്തൃ പ്രവൃത്തികൾ (ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ശുചിമുറി നിർമ്മാണം, ശുചിമുറി റിപ്പയർ തുടങ്ങിയവ) നിർവ്വഹണ ഏജൻസികൾക്ക് നൽകാതെ ഗുണഭോക്താക്കൾക്ക് നേരിട്ട് ചെയ്യുന്നതിന് മുൻകൂർ തുക അനുവദിച്ച് നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അല്ലാത്തപക്ഷം അനുവദിച്ച തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കുന്നതിനുമുള്ള വ്യവസ്ഥ കൂടി ഗുണഭോക്താക്കളുമായുള്ള കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINIMOL V G

അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തിരുവനന്തപുരം
3. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സ.ഉ.(സാധാ) നം.19/2024/SCSTD

അനുബന്ധം

അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി (2022-23)

നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികൾ

ക്രമ നമ്പർ	ജില്ല	ഓഫീസിന്റെ പേര്		കോളനിയുടെ പേര്	നിയോജക മണ്ഡലം	ഗ്രാമപഞ്ചായത്ത്
1	തിരുവനന്തപുരം	പ്രോജക്ടാഫീസ്, നെടുമങ്ങാട്	1	പൊടിയം	അരുവിക്കര	കുറ്റിച്ചൽ
			2	മൊട്ടമൂട്	അരുവിക്കര	വിതുര
			3	കൊന്നമൂട്	വാമനപുരം	പെരിങ്ങമ്മല
			4	പുരവിമല	പാറശ്ശാല	അമ്പൂരി
2	കൊല്ലം & ആലപ്പുഴ	ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് പുനലൂർ	5	കടമാൻകോട്	പുനലൂർ	കുളത്തൂപ്പുഴ
			6	വെള്ളംതെറ്റി	പത്തനാപുരം	പിറവന്തൂർ
			7	കളപ്പുരയ്ക്കൽ കോളനി	അരൂർ	അരൂർ
			8	ആമയിട തോപ്പിൽ കോളനി	അമ്പലപ്പുഴ	അമ്പലപ്പുഴ തെക്ക്
3	പത്തനംതിട്ട	ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ്, റാന്നി	9	ചെളളനാവയൽ	റാന്നി	നാറാണംമൂഴി
			10	പാമ്പിനി	കോന്നി	ചിറ്റാർ
			11	ആവണിപ്പാറ	കോന്നി	അരുവാപ്പുലം
4	കോട്ടയം	പ്രോജക്ടാഫീസ്, കാഞ്ഞിരപ്പള്ളി	12	ഐ.എച്ച്.ഡി.പി കോളനി	വൈക്കം	റ്റി.വി.പുരം
			13	കൃഷ്ണവിലാസം തോപ്പിൽ	ഏറ്റുമാനൂർ	കുമരകം
			14	തുമരംപാറ	എരുമേലി	പൂഞ്ഞാർ
5	ഇടുക്കി	പ്രോജക്ടാഫീസ്, ഇടുക്കി	15	കളളിക്കൽ	തൊടുപുഴ	ഉടുമ്പന്നൂർ
			16	വഞ്ചിവയൽ	പീരുമേട്	വണ്ടിപെരിയാർ
			17	അടൂർമല	ഇടുക്കി	കുടയത്തൂർ
			18	കോടാലിപ്പാറ കോളനി	ഇടുക്കി	കാഞ്ചിയാർ
			19	എസ്റ്റേറ്റ് പുപ്പാറ	ഉടുമ്പൻചോല	ശാന്തൻപാറ
			20	നാലുമുക്ക്- വലിയതോവാള	ഉടുമ്പൻചോല	ഇരട്ടയാർ-പാമ്പാടുംപാറ ക്ലസ്റ്റർ
			21	മുതുവാക്കുടി	ഉടുമ്പൻചോല	രാജകുമാരി
		ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ്, അടിമാലി	22	വേലിയംപാറക്കുടി	ദേവികുളം	മാങ്കുളം
			23	പാളപ്പെട്ടി	ദേവികുളം	കാന്തല്ലൂർ
			24	സാന്റോസ് കുടി	ദേവികുളം	ദേവികുളം
			25	തലമാലി	ദേവികുളം	തലമാലി

6	തൃശ്ശൂർ	ടൈബൽ ഡവലപ്പ്മെന്റ് ഓഫീസ്, ചാലക്കുടി	26	ശാസ്താംപൂവ്വം	പുതുക്കാട്	മറ്റത്തൂർ
			27	മാട്ടിൻ മുകൾ	ചേലക്കര	പഴയന്നൂർ
			28	വാഴച്ചാൽ	ചാലക്കുടി	ആതിരപ്പള്ളി
			29	മാൻകുളമ്പ്	ചേലക്കര	പഴയന്നൂർ
7	പാലക്കാട്	ടൈബൽ ഡവലപ്പ്മെന്റ് ഓഫീസ്, പാലക്കാട്	30	പാമ്പൻതോട്	കോങ്ങാട്	കാഞ്ഞിരപ്പുഴ
			31	ചേരമംഗലം- ഇടമലക്കുന്ന്	ആലത്തൂർ	മേലാർകോട്
			32	അളകാപുരി	നെന്മാറ	മുതലമട
			33	വാദ്ധ്യാർചള്ള	മലമ്പുഴ	പുതുശ്ശേരി
			34	വാക്കോടൻ-ആനക്കല്ല് ക്ലസ്റ്റർ	മണ്ണാർക്കാട്	തച്ചമ്പാറ
			35	കൊല്ലകുന്ന്	മലമ്പുഴ	മലമ്പുഴ
			36	വെങ്കക്കടവ്	മണ്ണാർക്കാട്	ഷോളയൂർ
		പ്രോജക്ടാഫീസ്, അട്ടപ്പാടി	37	മുരുഗള, കിണറ്റുകര	മണ്ണാർക്കാട്	പുതൂർ
			38	മേലെ ആനവായ്	മണ്ണാർക്കാട്	പുതൂർ
			39	കരടിപ്പാറ	മണ്ണാർക്കാട്	അഗളി
			40	വെള്ളമാരി	മണ്ണാർക്കാട്	അഗളി
			41	സർക്കാർപതി	ചിറ്റൂർ	പെരുമാട്ടി
8	വയനാട്	പ്രോജക്ട് ഓഫീസ്, കൽപ്പറ്റ	42	കല്ലുമല	കൽപ്പറ്റ	മേപ്പാടി
			43	മാടക്കുന്ന്	കൽപ്പറ്റ	കോട്ടത്തറ
		ടൈബൽ ഡവലപ്മെന്റ് ഓഫീസ്, സുൽത്താൻ ബത്തേരി	44	മുള്ളൻകൊല്ലി പറുദീസ കോളനി	സുൽത്താൻ ബത്തേരി	മുള്ളൻകൊല്ലി
			45	തെങ്ങുംമൂട് കുന്ന് കോളനി & വിജയൻ കുന്ന് കോളനി	സുൽത്താൻ ബത്തേരി	പൂതാടി
		ടൈബൽ ഡവലപ്മെന്റ് ഓഫീസ്, മാനന്തവാടി	46	കുളിവയൽ	മാനന്തവാടി	പനമരം
			47	ചക്കിണി	മാനന്തവാടി	തിരുനെല്ലി
			48	പുഞ്ചവയൽ	മാനന്തവാടി	പനമരം
			49	കല്ലിയോട് കുന്ന്	മാനന്തവാടി	മാനന്തവാടി നഗരസഭ
			50	ചാളക്കര	മാനന്തവാടി	പനമരം
			51	വാണിമൂല	മാനന്തവാടി	പനമരം
			52	വരുനിലം	മാനന്തവാടി	തിരുനെല്ലി
9	കോഴിക്കോട്	ടൈബൽ ഡെവലപ്മെന്റ് ഓഫീസ്, കോഴിക്കോട്	53	മുത്തപ്പൻപുഴ പണിയ കോളനി	തിരുവമ്പാടി	തിരുവമ്പാടി
			54	മാങ്കുന്ന്-മഞ്ഞക്കടവ് കോളനി	തിരുവമ്പാടി	തിരുവമ്പാടി
			55	കല്ലുട്ടുകുന്ന്	ബാലുശ്ശേരി	കോട്ടൂർ

			56	അടുപ്പിൽ	നാദാപുരം	വാണിമേൽ
10	കണ്ണൂർ	പ്രോജക്ട് ഓഫീസ്, കണ്ണൂർ	57	പെരുന്താനം പണിയ കോളനി	പേരാവൂർ	കേളകം
			58	മേലേപ്പാൽചുരം പണിയ കോളനി	പേരാവൂർ	കൊട്ടിയൂർ
			59	ഫർലോംഗര	ഇരിക്കൂർ	ആലക്കോട്
			60	കുണ്ടേരി	പയ്യന്നൂർ	ചെറുപുഴ
			61	നരിക്കോട്ടുമല	കൂത്തുപറമ്പ്	തൃപ്രങ്ങോട്ടൂർ
			62	ചപ്പാരപ്പടവ്	തളിപ്പറമ്പ്	ചപ്പാരപ്പടവ്
11	കാസർഗോഡ്	ട്രൈബൽ ഡെവല്പ്മെന്റ് ഓഫീസ്, പരപ്പ	63	ചേറങ്കല്ല് - കുണ്ടാരം	തൃക്കരിപ്പൂർ	എളേരി ഈസ്റ്റ്
			64	താലോലപൊയിൽ	തൃക്കരിപ്പൂർ	വെസ്റ്റ് എളേരി
			65	കുടുംബൂർ-വിട്ടിയേക്കാൽ	കാഞ്ഞങ്ങാട്	കളളാർ
			66	ബാപ്പുംഗയം	കാഞ്ഞങ്ങാട്	പനത്തടി
		ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ്, കാസർഗോഡ്	67	കൂട്ടം	ഉദുമ	കുറ്റിക്കോൽ
			68	ബിദിയാൽ	ഉദുമ	പുലൂർപെരിയ
			69	കത്തിരിക്കൊടി	മഞ്ചേശ്വരം	വോർക്കാട്
12	എറണാകുളം	ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ്, മൂവാറ്റുപുഴ	70	മേട്നാംപാറ	കോതമംഗലം	കുട്ടംപുഴ
13	മലപ്പുറം	പ്രോജക്ട് ഓഫീസ്, നിലമ്പൂർ	71	വാണിയാമ്പുഴ	നിലമ്പൂർ	പോത്തുകല്ല്
			72	തരിപ്പപ്പട്ടി	നിലമ്പൂർ	പോത്തുകല്ല്
			73	വല്ലപ്പുഴ നല്ലംതണ്ണി	നിലമ്പൂർ	നിലമ്പൂർ മുൻസിപ്പാലിറ്റി
			74	ചോലാറ	ഏറനാട്	എടവണ്ണ
			75	ചോക്കാട് കോളനി	വണ്ടൂർ	ചോക്കാട്
			76	വി.ടി.കുന്ന് കോളനി	വണ്ടൂർ	മമ്പാട്